കയും ചെയ്യുന്നതിനു വേണ്ടി ഗവൺമെന്റ് അടിയന്തിരമായി ഇടപെടണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 13.23.1999-ല സുപ്രീം കോടതി വിധിയെത്തുടർന്ന് 17.12.1999-ന് പുറപ്പെടുവിച്ച ഗവൺമെന്റ് സർക്കുലർ പ്രകാരം സർക്കാർ വകുപ്പുകൾ, പബ്ലീക് സെക്ചർ അണ്ടർടേക്കിംഗ്സ്, കോ-ഒപ്പറേറ്റീവ് സൊസൈറ്റികൾ തുടങ്ങിയ സ്ഥാപനങ്ങളിലെ നിയമനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കുകയുണ്ടായി. സുപ്രീം കോടതി വിധിയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ക്രീമിലെയർ പരിധിയിൽ വരുന്ന ഉദ്യോഗാർത്ഥികൾ ആരെല്ലാമെന്ന് കണ്ടുപിടിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അതനുസരിച്ച് സർട്ടിഫിക്കറ്റ് ഹാജരാക്കിയവർക്ക് നിയമനം നൽകുന്നതിനുള്ള വ്യവസ്ഥ ചെയ്തുകൊണ്ട് 16.2.2000 ത്തിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും താൽക്കാലികമായി ഏർപ്പെടുത്തിയ നിയമന നിരോധനം പിൻവലിക്കുകയും ചെയ്തു. ഇതനുസരിച്ച് മേൽ നടപടികൾ സ്വീകരിക്കാൻ പി.എസ്.സി.യും എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 13.12.1999 മുതൽ നിയമന നിർദ്ദേശം പിൻവലിച്ചതു വരെയുള്ള കാലാവധി 24.3.2000 വരെ നീട്ടിക്കൊണ്ട് പി.എസ്.സി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ബന്ധപ്പെട്ട റാങ്കിലിസ്റ്റുകളിൽനിന്നും പരമാവധി നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(4) നിയമനത്തിനുള്ള പ്രായപരിധി കുറച്ചനടപടി പിൻവലിക്കണമെന്ന ആവശ്യം

ശ്രീ. എം. മുരളി : സർ, പി.എസ്.സി. വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷകന് നൽകുന്ന പ്രായപരിധി വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളും പി.എസ്.സി.യും ചേർന്ന് മാറ്റിമറിച്ചുകൊണ്ടിരിക്കുകയാണ്. അത് കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന അപേക്ഷകർക്ക് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കിയിരിക്കുകയാമ്. ഒരേ പോസ്റ്റുകൾക്ക് വിവിധ ഡിപ്പാർട്ടുമെന്റുകൾ അപേക്ഷ ക്ഷണിക്കുമ്പോൾ വ്യത്യസ്തങ്ങളായ പ്രായപരിധി ഏർപ്പെടുത്തുന്ന് അശാസ്ത്രീയവും വിചിത്രവും വ്യക്തി താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും മാത്രമാണ്. ഉദാഹരണമായി, 2000 ഫെബ്രുവരി 1-ന് ഇറക്കിയ പി.എസ്.സി. വിജ്ഞാപനത്തിൽ ഹോമിയോപ്പതി വകുപ്പിവെ മെഡിക്കൽ ആഫീസർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിനുള്ള അപേക്ഷയിലെ പ്രായപരിധി 18-35 ആണ്. ഹോമിയോപ്പതി ഡിപ്പാർട്ടുമെന്റിൽ ഇതേ പോസ്റ്റിലേയ്ക്ക് 23.7.1991-ൽ ഇറക്കിയ പി.എസ്.സി. വിജ്ഞാപനത്തിലെ പ്രായപരിധി 19-41 ആയിരുന്നു. ഹോമിയോപ്പതി മെഡിക്കൽ ആഫീസർ തസ്തികയിലേയ്ക്ക് മുനിസിപ്പൽ കോമൺ സർവ്വീസിൽ കഴിഞ്ഞ വർഷം ഫെബ്രുവരി 2-ന് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ പ്രായപരിധി 19-41 ആയിരുന്നു. ഹോമിയോപ്പതി വിജ്ഞാപനത്തിൽ പ്രായപരിധി 19-41 ആയിരുന്നു. ഹോമിയോപ്പതി ഡിപ്പാർട്ടുമെന്റിലും മറ്റ് വിവിധ ഡിപ്പാർട്ടുമെന്റുകളിലുമുള്ള ഒരേ പോസ്റ്റിന് വ്യത്യാസ്തമായ പ്രായപരിധി ഏർപ്പെടുത്തിയത് നൂറു കണക്കിന് ഉദ്യോഗാർത്ഥികൾക്ക് അസൗകര്യം ഉണ്ടാക്കുന്നതാണ്. അതുകൊണ്ട് അങ്ങ് ഇടപെട്ട് 41 എന്ന പഴയ പ്രായപരിധി പുനഃസ്ഥാപിക്കാനും പി.എസ്.സി.യുടെ അഡ്വൈസ് സ്വീകരിച്ചുകൊണ്ട് അശാസ്ത്രീയവും

LIBRARY ARCHIVES Kerala Legislative Assembly

വിചിത്രവുമായ രീതിയിൽ അപ്പർ ഏജ് ലിമിറ്റ് ഫിക്സ് ചെയ്യുന്നത് ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 27.5.1999-ലെ ജി.ഒ (ഘല പി) 155/99 എച്ച് ആന്റ് എഫ് ഡബ്ലിയു.ഡി ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച കേരളാ സ്റ്റേറ്റ് ഹോമിയോപ്പതി സബോർഡിനേറ്റ് സർവ്വീസ് ഭേദഗതി നിയമം അനുസരിച്ച് മെഡിക്കൽ ആഫീസർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 35 വയസായി നിശ്ചയിച്ചിട്ടുണ്ട്. പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് പ്രായപരിധി ബാധകമല്ല. 1997-ന് മുൻപ് ഹോമിയോ ഡോക്ടർമാരെ നിയമനത്തിന് ലഭിക്കാതിരുന്ന ഘട്ടത്തിൽ ഉയർന്ന പ്രായ പരിധി 41 വയസ്സായി നിശ്ചയിച്ചിരുന്നു. 1969-ൽ ഇത് 31 വയസ്സായി കുറച്ചു. തുടർന്ന് 1999-ൽ മെഡിക്കൽ ഓഫീസർ തസ്തിക കൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾസിന് രൂപം നൽകിയപ്പോൾ ഉയർന്ന പ്രായപരിധി 35 വയസ്സായി നിജപ്പെടുത്തി. ഈ പ്രായപരിധി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(5) ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കേണ്ടത് സംബന്ധിച്ച്

ശ്രീ. എൻ. ആർ. ബാലൻ : സർ, 25 വർഷങ്ങൾക്കു മുൻപുള്ള, 1975-ൽ സ്വയംഭരണ സ്ഥാപനമായി കേരള സർക്കാർ സ്ഥാപിച്ചതാണ് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായം കൊണ്ടാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. 1981 മുതൽ ഈ സ്ഥാപനത്തിലെ ശാസ്ത്രജ്ഞൻമാർക്ക് കേന്ദ്ര നിരക്കിലുള്ള ശമ്പളവും സേവന വേതനവും മറ്റു ജീവനക്കാർക്ക് അതിനു സമാനമായ ശമ്പള ഘടനയും വ്യവസ്ഥയുമാണ് നിലവിലുള്ളത്. 25 വർഷത്തോളം പിന്നിട്ടിട്ടും ഈ സ്ഥാപനത്തിലെ ജീവനക്കാർക്ക് കേരള സർക്കാരിന്റെ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല. 2.12.1996 വരെ ഈ സ്ഥാപനത്തിൽ സി.പി.എഫ്. സ്കീം ഇ.പി.എഫ്. ആക്കി മാറ്റിയിരിക്കുകയാണ് ഇതുമൂലം ഈ സ്ഥാപനത്തിന് വൻ സാമ്പത്തിക നഷ്ടവും ജീവനക്കാർക്ക് വളരെയേറെ പ്രയാസവും ഉണ്ടായിട്ടുണ്ട്. 18 ലക്ഷം രൂപയോളം ഫണ്ട് വിഹിതവും രണ്ട് ലക്ഷംരൂപയോളം ഭരണ ചെലവിലേക്കുമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഇ.പി.എഫ് ഫണ്ടിലേക്ക് പ്രതിവർഷം അടച്ചുകൊണ്ടിരിക്കുന്നത്. മാത്രമല്ല, പെൻഷൻ ഫണ്ടിലേക്കുള്ള വിഹിതമെന്നു പറഞ്ഞ് ഓരോ ജീവനക്കാരിൽ നിന്നും എണ്ണായിരം മുതൽ പതിനായിരം രൂപ വരെ സി.പി.എഫ്. അക്കൗണ്ടു മൂലധനത്തിൽ നിന്നും കുറയുകയും ചെയ്യുന്നു. ഇൻസ്റ്റിറ്റ്യൂട്ടിലെ നിലവിലുണ്ടായിരുന്ന സി.പി.എഫ്, ഫണ്ട് ഇ.പി.എഫിൽ നിന്നും കേരള സർക്കാർ ഏറ്റെടുത്ത് സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരാതെ ജീവനക്കാരുടെ പണംകൊണ്ട് തന്നെ ഈ സ്ഥാപനത്തിന് പെൻഷൻ പദ്ധതി നടപ്പിലാക്കാവുന്നതാണ്. ആയതുകൊണ്ട് ദീർഘകാലാത്തെ സേവനത്തിന് ശേഷം സർക്കാരിൽ നിന്നും വിരമിച്ചു പോകുന്ന കെ.എഫ്.ആർ.ഐയിലെ ജീവനക്കാർക്ക് ഒരു ആശ്വാസമെന്ന നിലയിൽ കേരള സർക്കാരിന്റെ പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള എട്ട് ഗവേഷണ വികസന സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly